ചെറുകിട ശുദ്ധജല വിതരണ പദ്ധതി നടത്തിപ്പ്

85 (682) ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇനിയും എത്ര ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ എത്ര ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത് ; ഇതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തീകരിക്കാനായി ;

(സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഇനിയും പൂർത്തീകരിക്കാനുള്ള ഈ ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനം പൂർണ്ണമാകുമ്പോൾ പുതുതായി എത്ര ലക്ഷം പേർക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) ഈ പദ്ധതികൾ പൂർണ്ണമായി പ്രവർത്തനസജ്ജമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന 210 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികളിലായി 577 ചെറുകിട ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 390 പദ്ധതികൾ ഇതിനകം പൂർത്തിയാക്കി.

(സി) പദ്ധതിക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിലുള്ള കാലതാമസം, റോഡിൽക്കൂടി പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ പൊതുമരാമത്ത് വകുപ്പിൽ നിന്ന് അനുമതി ലഭിക്കാനുള്ള കാലതാമസം, ചില പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം, കരാറുകാരുടെ ഭാഗത്തുനിന്നുള്ള കാലതാമസം, പൈപ്പുകൾ സ്ഥാപിക്കാൻ റെയിൽവേയുടെ അനുമതി ലഭിക്കാനുള്ള കാലതാമസം, സ്വജലധാരാ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന ബെനിഫിഷറി കമ്മിറ്റികളുടെ ക്രിയാത്മകമായ പ്രവർത്തനത്തിന്റെ അപര്യാപ്തത, വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ മൂലമാണ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെറുകിട പദ്ധതികൾ പൂർത്തിയാക്കുന്നതിന് ഏകദേശം 20 ലക്ഷം പേർക്ക് പുതിയതായി കുടിവെള്ളമെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) പദ്ധതികൾ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ടി വിവിധതലങ്ങളിൽ മീറ്റിംഗുകൾ കൂടുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വിവിധ തദ്ദേശ സ്ഥാപനങ്ങളുമായി ചർച്ച നടത്തുകയും കരാറുകാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട സ്ഥലലഭ്യതയുടെ കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു. കേസുകളിൽ തീർപ്പുകൽപ്പിക്കുന്നത് ത്വരിതപ്പെടുത്തുക, പൊതുമരാമത്തുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാനുള്ള അനുമതി ത്വരിതപ്പെടുത്തുക മുതലായവയും ചെയ്തുവരുന്നു.

വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

86 (683) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വന്നിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ ഏതെല്ലാമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞതെന്ന് വെളിപ്പെടുത്തുമോ ;

(സി) ബാക്കിയുള്ള പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മേഖലയിൽ ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 190 ഗ്രാമീണ കുടിവെള്ള പദ്ധതികളും 54 നഗരകുടിവെള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) ഇവയിൽ ഇതുവരെ ആകെ 63 പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ ജെ.ബി.ഐ.സി. പദ്ധതി ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2012-13 വർഷത്തോടെ ബാക്കിയുള്ള പദ്ധതികളെല്ലാം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly